പദ്ധതി വിഹിതം തിരിച്ചുപിടിക്കുന്നതിനുള്ള തീരുമാനം

6 [4744] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ എൻ. രാജൻ:
„ പി. നാരായണൻ:
„ എം. കുമാരൻ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല ഭരണ സമിതികൾക്ക് 2002-03 വർഷത്തേയ്ക്ക് നൽകിയ പദ്ധതി വിഹിതം തിരിച്ചുപിടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ധനകാര്യ വകുപ്പിൽനിന്ന് പഞ്ചായത്ത് മുനിസിപ്പൽ ഭരണസമിതികൾക്ക് നൽകിയ ഗ്രാന്റ് തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പി.ഡി. അക്കൗണ്ട് ക്ലോസ് ചെയ്യണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ ഉത്തരവ് നൽകാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് മുനിസിപ്പൽ ഭരണം സ്തംഭിക്കുകയും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നത് എങ്ങനെയാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ ഉത്തരവ് പ്രകാരം എത്ര കോടി രൂപയാണ് ത്രിതല ഭരണ സമിതികളിൽ നിന്നും തിരിച്ചു പിടിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 9-7-2003-ൽ ജി.ഒ.(പി) നമ്പർ 381/03/ഫിൻ. എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വി.പി.എഫ്. അക്കൗണ്ടും എം.എഫ്. അക്കൗണ്ടും ഒഴികെയുള്ള എല്ലാ പി.ഡി. അക്കൗണ്ടുകളും ക്ലോസ് ചെയ്ത് സെക്രട്ടറിയുടെ പേരിൽ ഒരു പുതിയ പ്ലാൻ പി.ഡി. അക്കൗണ്ട് തുടങ്ങാൻ ഉത്തരവായിട്ടുണ്ട്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതി വിഹിതം ട്രഷറി നിയന്ത്രണം കൂടാതെ മാസംതോറും നൽകുന്നതിലേയ്ക്കുമായി 9-7-2003-ലെ ജി.ഒ.(പി)381/03/ഫിൻ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിലുള്ള പ്ലാൻ പി.ഡി.അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും സെക്രട്ടറിയുടെ പേരിൽ പുതിയതായി ഒരു പ്ലാൻ പി.ഡി. അക്കൗണ്ട് തുടങ്ങണമെന്നും ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിനായി നിരവധി പി.ഡി. അക്കൗണ്ടുകൾ നിലവിലുണ്ടായിരുന്നു. നിലവിലുണ്ടായിരുന്ന പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് പകരം സെക്രട്ടറിയുടെ പേരിൽ പുതിയ പ്ലാൻ പി. ഡി. അക്കൗണ്ട് തുടങ്ങണമെന്ന് ഉത്തരവായിട്ടുണ്ട്.

കെ.എഫ്.സി. വാല്യം ഒന്ന് ചട്ടം 282 (5) (ബി) പ്രകാരം പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക അതാത് വർഷം മാർച്ച് 31-ന് മുമ്പ് ചെലവഴിക്കേണ്ടതും അക്കൗണ്ടുകൾ മാർച്ച് 31-ന് തന്നെ ക്ലോസ് ചെയ്യേണ്ടതുമാണ്. എങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാർച്ച് 31-ന് അക്കൗണ്ട് ക്ലോസ് ചെയ്യാതെയും ട്രഷറി കണക്കുമായി റികൺസിലിയേഷൻ നടത്താതെയും പദ്ധതി നടത്തിപ്പിനുവേണ്ടി നൽകപ്പെട്ട കോടിക്കണക്കിനു രൂപ ചെലവഴിക്കാതെയും സൂക്ഷിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കത്തേയും പ്രതികൂലമായി ബാധിക്കുന്നതായും പദ്ധതി നടത്തിപ്പിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാണിക്കാതെയും ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) 9-7-2003-ലെ സർക്കാർ ഉത്തരവിൽ നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്തതിനുപകരം പുതിയ ഒരു പി.ഡി. അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ തുടങ്ങാൻ വ്യവസ്ഥയുണ്ട്. 2003 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള 4 മാസത്തെ വിഹിതം ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് മുനിസിപ്പൽ ഭരണം സ്തംഭിക്കുകയോ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയോ ചെയ്യുകയില്ല.

(ഇ) നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. അപ്രകാരം ക്ലോസ് ചെയ്യുന്ന അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുക ഗവൺമെന്റ് അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കുന്നതു സംബന്ധിച്ച് തീരുമാനമായിട്ടില്ല.

ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം

7 [4745] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ പുതുതായി പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) ഇങ്ങനെ ഒരു പുതിയ പി.ഡി. അക്കൗണ്ട് തുടങ്ങുന്നതിന് ഉണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly